# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 503
# 29.05.2019 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഗതാഗത സിഗ്നൽ

| | ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ട്രാഫിക് ബ്ലോക്ക് രൂക്ഷമായ ചെങ്ങന്നൂരിൽ ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനം നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ചെങ്ങന്നൂർ ടൗണിൽ സിഗ്നൽ സംവിധാനം നടപ്പിലാക്കുന്നതിന് ആസ്തി വികസന നിധിയിൽ നിന്ന് ഫണ്ട് അനുവദിക്കണമെന്ന ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 04/08/2018 ലെ സ.ഉ(പി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരം നിയോജകമണ്ഡല ആസ്തിവികസന നിധിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ടി ശിപാർശ അനുഭാവപൂർവ്വം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ബഹു. എം.എൽ.എ യെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആസ്തി വികസന ഫണ്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ് അനുമതി നൽകുവാൻ നിർവ്വാഹമില്ലായെന്ന് അറിയിച്ചിട്ടുണ്ടോ; | |
| (സി) | ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തിയായതിനാൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; ഇല്ലെങ്കിൽ പകരം മറ്റ് ഫണ്ട് അനുവദിക്കുന്ന നടപടി സ്വീകരിക്കുമോ? | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്നതും അടിസ്ഥാന സൗകര്യ വികസനവുമാണ് നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ ലക്ഷ്യം. ട്രാഫിക് സിഗ്നൽ സംവിധാനം മേൽ പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. മറ്റ് ഫണ്ടുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

സെക്ഷൻ ഓഫീസർ